# File No.LSGD-FM2/105/2020-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറന്മുള വഞ്ചിപ്പാട്ട് പഠനകളരിക്ക് പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുന്ന ധനസഹായം ഉയർത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1125/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,
**12/06/2020**

---

**പരാമർശം:**-1. പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 11/07/2019ലെ V(22) നമ്പർ തീരുമാനം

2. ആറൻമുള പള്ളിയോട സേവസംഘം പ്രസിഡന്റ് സമർപ്പിച്ച 03/03/2020 ലെ കത്ത്

**ഉത്തരവ്**

ആറന്മുള വഞ്ചിപ്പാട്ട് പഠനകളരിക്ക് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നൽകുന്ന ധനസഹായം ഒന്നേകാൽ ലക്ഷത്തിൽ നിന്നും രണ്ടുലക്ഷമാക്കി ഉയർത്താൻ 11/07/2019 ൽ കൂടിയ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം തുക ഉയർത്തണമെന്നാണ് ആറൻമുള പള്ളിയോട സേവസംഘം പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറന്മുള വഞ്ചിപ്പാട്ട് പഠനകളരിക്ക് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നൽകുന്ന ധനസഹായം ഒന്നേകാൽ ലക്ഷത്തിൽ നിന്നും ഒന്നര ലക്ഷമാക്കി വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,പത്തനംതിട്ട ജില്ലാ പഞ്ചായത്ത്.

പ്രസിഡന്റ്,പള്ളിയോട സേവസംഘം, ആറൻമുള

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

~~എക്സിക്യൂട്ടീവ്~~ ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

സെക്ഷൻ ഓഫീസർ